14. പുനലൂർ പാലം.
15. പുലിക്കുട്ടിശ്ശേരി പാലം.
16. ളാലം പാലം.
17. മണ്ഡപത്തിൻകടവു പാലം.
18. കിടങ്ങരയിലുള്ള മുട്ടാർ ക്രോസിങ്ങിലെ പാലം.
19. നെടുമുടി പാലം.
20. പള്ളാത്തുരുത്തി പാലം.

ടൈറാനിയം ഫാക്ടറിയുടെ വികസന പദ്ധതികൾ

* 289 [1007] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൈറാനിയം ഫാക്ടറിയുടെ വികസന പദ്ധതികൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) അവിടെ അലോട്ടു ചെയ്തിരുന്ന അനേകലക്ഷം രൂപ ചെലവാകാത്ത കാരണമെന്താണെന്നു പറയാമോ ;

(സി) ഇതിന്റെ പ്രവർത്തനം ലാഭകരമാണോ ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ടൈറാനിയം ഫാക്ടറിയുടെ വികസന പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത് പ്രസ്തുത ഫാക്ടറിയുടെ പ്രതിവർഷ ഉൽപാദനം 24,000 ടൺ ആയി വർദ്ധിപ്പിക്കുന്നതിനുപയുക്തമായ ഒരു പ്ലാന്റും മറ്റു യന്ത്രസാമഗ്രികളും കൂടി ആ ഫാക്ടറിയിൽ സ്ഥാപിക്കുന്നതിനാണ്. തൻമൂലം ഫാക്ടറിയിലെ ഉൽപാദനം ഇപ്പോഴത്തേതിൽനിന്ന് നാലിരട്ടിയായി വർദ്ധിക്കുന്നതാണ്. കൂടാതെ പ്രസ്തുത പദ്ധതി പൂർത്തിയായിക്കഴിയുമ്പോൾ ഉൽപാദിപ്പിക്കപ്പെടുന്ന ടൈറാനിയം ഡയോക്സയിഡ് കൂടുതൽ ആധുനികമായ രീതിയിലുള്ളതും മെച്ചപ്പെട്ടതും ആയിരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഇങ്ങനെ ഉൽപാദിപ്പിക്കപ്പെടുന്ന ടൈറാനിയം ഡയോക്സയിഡിൻ 9000 ടൺ കയറ്റുമതി ചെയ്യാൻ കഴിയുമെന്നും പ്രതീക്ഷിക്കപ്പെടുന്നുണ്ട്. 65 ലക്ഷം രൂപയുടെ വിദേശനാണയം ഉൾപ്പെടെ ഇതിലേക്കുള്ള ചെലവ് 625 ലക്ഷം രൂപയായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിന് യാതൊരു വിദേശ സാങ്കേതിക സഹായവും സ്വീകരിക്കുന്നില്ല.

(ബി) ഈ വികസന പദ്ധതിക്കുവേണ്ടി 10-10-1969 വരെ 331.5 ലക്ഷം രൂപയുടെ കരാറുകളിൽ കമ്പനി ഏർപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാധനങ്ങൾ വാങ്ങുമ്പോൾ കൂടുതൽ ആദായകരമായ ചില വ്യവസ്ഥകളിൽ ഏർപ്പെടുവാൻ കമ്പനിയ്ക്കു കഴിഞ്ഞതുമൂലം ഇതിലേക്ക് അലോട്ടുചെയ്ത തുകയിൽ കുറെ ലാഭപ്പെടുത്തുവാൻ കമ്പനിക്കു കഴിഞ്ഞിട്ടുണ്ട്.

(സി) ലാഭകരമാണ്.

യന്ത്രവൽകൃത ബോട്ടുകൾ

* 290 [1008] ശ്രീ. ജെ. കമാലിയാസ് മൊറായിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly